<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3311 25.06.2012- ൽ മറുപടിക്ക്**

## കോഴിക്കോട് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് അനുവദിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്നതിന് മുമ്പ് ജില്ലാ കളക്ടർ ഉൾപ്പെട്ട സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സ്വകാര്യ വ്യക്തികൾക്ക് തുറമുഖഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടില്ല. എന്നാൽ ജില്ലാ കളക്ടർ ഉൾപ്പെട്ട ജില്ലാതല സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം തുറമുഖഭൂമി ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കാറുണ്ട്. |
| (ബി) എങ്കിൽ കഴിഞ്ഞ 5 വർഷത്തിനകം ഇതിനായി കൂടിയ കമ്മിറ്റികളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) തുറമുഖ ഭൂമി ലൈസൻസ് വ്യവസ്ഥയിൽ അനുവദിയ്ക്കുന്നതിലേയ്ക്കായി 29.05.2008,12.01.2011,24.01.2012 എന്നീ തീയതികളിൽ ചേർന്ന ജില്ലാതല കമ്മിറ്റിയുടെ മിനിട്സ് അനുബന്ധം I - III ആയി ചേർക്കുന്നു. |
| (സി) ഇപ്രകാരം സമിതിയോഗം വിളിച്ചു ചേർക്കാതെ ആർക്കെങ്കിലും സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നൽകാനുണ്ടായ കാരണങ്ങളും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ? | (സി) ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ അപേക്ഷ പ്രകാരം ഡി.ടി.പി.സി നവീകരിച്ച ബീച്ചിൽ, ലൈസൻസ് ഫീസ് അടിസ്ഥാനത്തിൽ ഒരു ഇന്റർപ്രെട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി കോഴിക്കോട് പോർട്ട് ഓഫീസർ |

നൽകിയിട്ടുണ്ട്. കോഴിക്കോട്
ജില്ലയെ സംബന്ധിച്ച എല്ലാ
വിവരങ്ങളും പൊതുജനങ്ങളിൽ
എത്തിക്കാനാവുമെന്നതിനാലും
ഇതൊരു പൊതു
ജനോപകാരപ്രദമായ
സംരഭമെന്ന നിലയിലുമാണ്
അനുമതി നൽകിയത്. ടി
സെന്ററിന്റെ ലൈസൻസ്
കാലാവധി 16.03.2012 തീയതി
അവസാനിക്കുകയും ചെയ്തു.
അനുമതി നൽകിയ കത്തിന്റെ
പകർപ്പ് അനുബന്ധം IV ആയി
ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## തുറമുഖ ഭൂമി ലീസിന് കൊടുക്കുന്നത് സംബന്ധിച്ച് 29/5/2008-ന് കോഴിക്കോട് ജില്ലാ കലക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിന്റെ മിനുട്സ്

[illegible]

1) [illegible], ജില്ലാ കലക്ടർ, കോഴിക്കോട് (ചെയർമാൻ)
2) ക്യാപ്റ്റൻ ഹരി അച്ചുത വാര്യർ, പോർട്ട് ഓഫീസർ, കോഴിക്കോട് (കൺവീനർ)
3) ശ്രീ. എസ്. സെൽവെസ്റ്റ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്
4) ശ്രീമതി. ലത. പി, എക്സിക്യൂട്ടീവ് എഞ്ചിനീയർ. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
5) ശ്രീ. കെ.ടി. ഇമ്പിച്ചിക്കോയ, ഡെപ്യൂട്ടി കലക്ടർ (എൽ.ആർ), കോഴിക്കോട് (മെമ്പർ)

കലക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം 10-30-ന് ആരംഭിച്ചു. ഇത്തരത്തിലുള്ള ഒരു യോഗം ചേരാനുണ്ടായ സാഹചര്യം പോർട്ട് ഓഫീസർ വിശദീകരിച്ചു. ആകെ ലഭിച്ച 11 അപേക്ഷകളിൽ 4 എണ്ണം പുതിയ ലൈസൻസിനുള്ളവയും 7 എണ്ണം പഴയ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ളതുമാണ്. അപേക്ഷകരുടെ ലിസ്റ്റ് പോർട്ട് ഓഫീസർ യോഗത്തിൽ സമർപ്പിച്ചു.

### യോഗ തീരുമാനങ്ങൾ

1) കുടിശികയെല്ലാം അടച്ചുതീർത്തതും മറ്റു ബാദ്ധ്യതകളൊന്നും ഇല്ലാത്തതുമായ നേരത്തേ അനുവദിച്ച ലൈസൻസുകൾ പുതുക്കി നൽകാവുന്നതാണ്.
2) പുതിയ ലൈസൻസിൽ ജങ്കാർ ജെട്ടി സ്ഥാപിക്കുന്നതിനായി 20 സെന്റ് സ്ഥലം തുറമുഖ വികസനത്തിന് ആവശ്യമെങ്കിൽ ഒഴിഞ്ഞുതരാമെന്ന വ്യവസ്ഥയിൽ സർക്കാർ ഉത്തരവുപ്രകാരമുള്ള ലീസ് തുക കൈപ്പറ്റി കടലുണ്ടി പഞ്ചായത്തിന് അനുവദിക്കാവുന്നതാണ്.
3) കോഴിക്കോട് ബീച്ച് പരിസരത്ത് തുറമുഖ വകുപ്പിന്റെ നിലവിലുള്ള ലീസ് വ്യവസ്ഥയ്ക്ക് അനുസൃതമായി പുതുതായി ~~നൽകിയ അപേക്ഷകർക്ക്~~ സ്ഥലം അനുവദിക്കാവുന്നതാണ്.
4) ലീസിന് നൽകിയ സ്ഥലങ്ങൾ വ്യവസ്ഥയിൽ പറഞ്ഞ ആവശ്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

യോഗം 11.00 മണിയ്ക്ക് അവസാനിച്ചു.

True copy attested

30/05/2008
Capt. Hari Achutha Varrier
Port Officer, Kozhikode
Beypore - 673 015

K. RAVEENDRAN
Administrative Officer
Directorate of Ports, TVM

29/5/08
District Collector,
Kozhikode.

അനുബന്ധം - II

തുറമുഖ ഭൂമി ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച് 12.1.2011 ൽ കോഴിക്കോട് ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേർന്ന ജില്ലാ തല സമിതി മീറ്റിംഗ് മിനുട്സ്.

യോഗത്തിൽ പങ്കെടുത്തവർ

1) ശ്രീ.പി.ബി.സലീം. ഐ.എ.എസ്. ജില്ലാ കലക്ടർ. കോഴിക്കോട്
2) ശ്രീ. സി.സുധാകരൻ. ഡെപ്യൂട്ടി കലക്ടർ (എൽ.ആർ)
3) ശ്രീ.സുരേഷ് ബാബു. അസി.രജിസ്ട്രാർ ഫിഷറീസ്
4) ശ്രീ.ഗിരീഷ് കുമാർ.സി.പി. പി.എ ടു പോർട്ട് ഓഫീസർ. കോഴിക്കോട്
5) ശ്രീ.അബ്ദുൾ മജീദ്. പി.എ ടു സൂപ്രണ്ടിംഗ് എഞ്ചിനിയർ. എച്ച്.ഇ.ഡി (എൻ.സി) കോഴിക്കോട്.

ജില്ലാ കലക്ടർ കോഴിക്കോടിന്റെ അദ്ധ്യക്ഷതയിൽ യോഗം 2 മണിയ്ക്കാരംഭിച്ചു.

കോഴിക്കോട് ജില്ലയിലെ തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകൾ 15.3.2008 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 16, 2008, തീയ്യതി 15/3/2008 പ്രകാരം പരിശോധിച്ച 36 അപേക്ഷകളിൽ 9 എണ്ണം പുതിയ ലൈസൻസിനുള്ളതും ബാക്കി 27 അപേക്ഷകൾ പഴയ ലൈസൻസ് പുതുക്കി നൽകുന്നതിനുമുള്ളതാണ്.

പുതിയ ലൈസൻസിന് അപേക്ഷിച്ചവരുടെ ലിസ്റ്റ്

1) പി.കെ.സുധ... വലിയതൊടിപറമ്പ് വള്ളിക്കാട്ടത്ത് നടക്കാവ് - പുതിയകടവ് ബീച്ച്
2) സുനന്ദ ടി. ...(ഹൗസ്). പണ്ണിക്കർ റോഡ്. കോഴിക്കോട് - പുതിയകടവ് ബീച്ച്
3) എം.എ.ഫൈസൽ റഹ്മാൻ ലവ്‌ഡെയിൽ ഹൗസ്. നടക്കാവ് - ചാലിയം
4) പി.കെ.അബ്ദുസലാം നാസിമൻസിൽ. പല്ലാണി... ...റോക്ക് - ചാലിയം ജംഗാർ ജെട്ടി
5) ... ബാലിക ...ലക്ഷ്മി. ബി.സി.റോഡ്. ബേപ്പൂർ - ബേപ്പൂർ തുറമുഖം
6) ടി കെ. അബൂബക്കർ സിദ്ദിഖ് വെളേറ്റ് (ഹൗസ്). ബേപ്പൂർ - ചാലിയം
7) അബ്ദുൾ നാസർ. വിളക്കുമാടത്തിൽ (ഹൗസ്). ബേപ്പൂർ - ബേപ്പൂർ
8) ...ബ്ലൂ... ...അബൂബക്കർ ...പ്പറിൽ. നടക്കാവ് - കാമ്പുറം ബീച്ച്

9) ഷാജി.ടി.സി
ടി.പി.ബാലൻ
തൊടിയിൽ താഴത്തെ പുരയിൽ
ബിച്ച് റോഡ്, കോഴിക്കോട് - കോഴിക്കോട് ബിച്ച് ലയൺസ് പാർക്കിന് സമീപം

പഴയ ലൈസൻസ് പുതുക്കുന്നതിന് ലഭിച്ച അപേക്ഷകൾ

1) ടി.രമേശൻ
തൊടിയിൽ വീട്, അച്യുതഭവൻ, കോഴിക്കോട് 32 - ഗാന്ധിറോഡ് ബീച്ച്
2) എം കുമാരൻ
മുലത്ത് വീട്, കീഴരിയർ - പോർട്ട് സിഗ്നൽ സ്റ്റേഷന് സമീപം
3) പി.കെ.സിദ്ധിഖ്
S/o കുഞ്ഞിവാവ
പുതിയകടവ്, നടക്കാവ് - പുതിയ കടവ് ബീച്ച്
4) എച്ച്.എ.റസാഖ്
S/o ഉസ്സയിൻ
D/No.3/307, പുതിയകടവ് - വെള്ളയിൽ ബീച്ച്
5) വി.പി.കോയമോൻ
S/o ഉസ്സയിൻ
ആവിയിൽ പറമ്പ്, നൂർമഹൽ, നടക്കാവ് - പുതിയകടവ് ബീച്ച്
6) എൻ.പി.ഷഹർബാൻ
നാലുകുടി പറമ്പ്, പുതിയികടവ്, നടക്കാവ് - പുതിയകടവ് ബിച്ച്
7) എൻ.പി.സുബൈർ.
നാലുകുടിപറമ്പ്, പുതിയകടവ്, നടക്കാവ് - പുതിയകടവ് ബീച്ച്
8) എം.കെ.ഷീബാസിദ്ധാനന്ദൻ
ദാമോധര കാമ്പുറം, വെസ്റ്റ്ഹിൽ - ഗാന്ധിറോഡ് ബീച്ച്
9) പി.കെ.മരയ്ക്കാർ
S/oകുഞ്ഞാമു, പുതിയകടവ് - പുതിയകടവ് ബിച്ച്
10) ടി.പി.രമേശൻ
S/oടി.പി.ഗോപാലൻ
താഴത്തെ വീടികയിൽ, പുതിയാപ്പ - ഗാന്ധിറോഡ് ബീച്ച്
11) ഐ.പി.അബ്ദുറഹ്മാൻ
ഐ.പി ഹൗസ്, മാങ്ങാട്ട് പറമ്പ്, മീഞ്ചന്ത - പുതിയകടവ് ബീച്ച്
12) ബിച്ചിക്കോയ.എൻ.പി
നാലുകുടി പറമ്പ, പുതിയകടവ് ബീച്ച് - പുതിയകടവ് ബീച്ച്
13) പി.കെ.മുഹമ്മദ്
S/o കുഞ്ഞായിൽ
സുഹറമൻസിൽ, തോപ്പയിൽ - പുതിയകടവ് ബിച്ച്
14) പി.കെ.മുഹമ്മദ്
S/o കുഞ്ഞായിൽ
സുഹറമൻസിൽ, തോപ്പയിൽ - പുതിയകടവ് ബീച്ച്

17

15) ടി.പി.പ്രേമരാജൻ
S/o മാധവൻ
പുറത്തേ വളപ്പിൽ പുതിയങ്ങാടി - പുതിയാപ്പ ബീച്ച്

16) ടി.രമേശൻ
S/o ദാമോധരൻ
അച്യുതഭവൻ, തൊടിയിൽ കോഴിക്കോട് - ഗാന്ധിറോഡ് ബീച്ച്

17) പാരിസൺസ് റോളർ ഫ്ളോർ മിൽസ്
പ്രൈവറ്റ് ലിമിറ്റഡ് - ബേപ്പൂർ

18) എൻ.പി.വാസുദേവൻ,
നാലുകുടിപറമ്പ്, വെള്ളയിൽ - ഗാന്ധിറോഡ് ബീച്ച്

19) അഹമ്മദ് കോയ എൻ.പി
ഉളളികണ്ടത്തിൽ (ഹൗസ്)
പുവ്വാട്ട് പറമ്പ്, കോഴിക്കോട് - പുതിയകടവ് ബീച്ച്

20) എൻ പി.കുഞ്ഞിരമാൻ
S/o അറമാട്ടി
തോപ്പയിൽ, കോഴിക്കോട് - തോപ്പയിൽ ബീച്ച്

21) ഹനീഫ, ആവൽ പറമ്പ്
തോപ്പയൽ ബീച്ച് - തോപ്പയിൽ ബീച്ച്

22) മൊയ്തീൻ കോയ
S/o മമ്മദ് വളപ്പിൽ വീട്, കുറ്റിക്കാട്ടൂർ - ഗാന്ധിറോഡ് ബീച്ച്

23) കോയമോൻ
S/o കോയഞ്ഞി
നൂറിമൻസിൽ, നോർത്ത് ബീച്ച്
പുതിയകടവ്, കോഴിക്കോട് - പുതിയകടവ് ബീച്ച്

24) കെ.ടി.പി അസീസ്, തീച്ചുട്ടിപറമ്പ്
കോന്നാട്, വെസ്റ്റ്ഹിൽ - കോഴിക്കോട് ബീച്ച്

25) എം.കെ.സുരാജ്,
മുഖവൻകണ്ടി, പുതിയാപ്പ ബീച്ച്, കോഴിക്കോട് - പുതിയാപ്പ ബീച്ച്

26) എൻ.കെ.ഷൈജു
നരിക്കളത്തിൽ, പാലയാട് നട, വടകര - വടകര തുറമുഖ പരിധിയിൽ

27) പി.കെ.സക്കറിയ
S/o കോയമോൻ
നടക്കാവ് - പുതിയകടവ് ബീച്ച്

മേൽ കാണിച്ച അപേക്ഷകൾ സാമുദ്രകാവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിനാൽ തുറമുഖ ഭൂമി ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കാവുന്നതാണ്. ആയതിനാൽ ടി അപേക്ഷകൾ സംസ്ഥാനതല സമിതിയിൽ ചർച്ച ചെയ്യുന്നതിലേയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു

യോഗം 2.30 മണിയ്ക്കവസാനിച്ചു.

ജില്ലാ കലക്ടർ
(ചെയർമാൻ)

True copy attested
21.6.12

K. RAVEENDRAN
Administrative Officer
Directorate of Ports, Tvpm

പോർട്ട് ഓഫീസർ
(കൺവീനർ)

കോഴിക്കോട് ജില്ലയിലെ തുറമുഖ ഭൂമി ലീസിനനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 24/1/12 തീയതി കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന ജില്ലാതലസമിതി മീറ്റിംഗ് മിനിട്ട്സ്.

താഴെ പറയുന്ന അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

1. ഡോ.പി.ബി.സലീം. IAS, ജില്ലാ കലക്ടർ/ചെയർമാൻ (ഒപ്പ്)
2. ശ്രീ.പി.കെ.അബ്ദുൾ മജീദ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പി.എ) (ഒപ്പ്)
3. ക്യാപ്റ്റൻ.എബ്രഹാം വി.കര്യാക്കോസ്, പോർട്ട് ഓഫീസർ (ഒപ്പ്)
4. ശ്രീമതി.കെ.കെ.സഫിയ, ജോയിന്റ് ഡയറക്ടർ, ഫിഷറീസ് (ഒപ്പ്)
5. ശ്രീമതി.റസിയ, പോർട്ട് കൺസർവേറ്റർ & എസ്.പി.സി, ബേപ്പൂർ (ഒപ്പ്)

ജില്ലാ കലക്ടർ ഡോ.പി.ബി.സലീം IAS-ന്റെ അദ്ധ്യക്ഷതയിൽ യോഗം ഉച്ചയ്ക്ക് 12.30 മണിയ്ക്ക് ആരംഭിച്ചു.

കോഴിക്കോട് ജില്ലയിലെ തുറമുഖ ഭൂമി പുതുതായി അനുവദിക്കുന്നതിനും നിലവിൽ ഉപയോഗിക്കുന്നതിന്റെ ലൈസൻസ് പുതുക്കുന്നതിനും ലഭിച്ച മൊത്തം 19 അപേക്ഷകൾ കമ്മിറ്റി വിശദമായി പരിശോധിച്ചു. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 7 അപേക്ഷകൾ കമ്മിറ്റി അംഗീകരിക്കുകയും. ടി 7 അപേക്ഷകൾ സംസ്ഥാനതല സമിതി ചർച്ചയ്ക്ക് അയച്ചുകൊടുക്കാവുന്നതാണെന്നും കമ്മിറ്റി വിലയിരുത്തി. എന്നാൽ തുറമുഖ ഭൂമി പുതുതായി അനുവദിക്കുന്നതിലേക്ക് ലഭിച്ച 12 അപേക്ഷകളും സംസ്ഥാനതല സമിതി ചർച്ചയ്ക്ക് അയച്ചുകൊടുക്കേണ്ടതില്ലെന്നും പകരം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് സ്ഥല പരിശോധന വീണ്ടും നടത്തി വ്യക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും കമ്മിറ്റി വിലയിരുത്തി.

യോഗം ഉച്ചയ്ക്ക് 1.00 മണിയ്ക്ക് അവസാനിച്ചു.

(ഒപ്പ്)
ഡോ.പി.ബി.സലീം IAS
ജില്ലാ കലക്ടർ /ചെയർമാൻ.

(ഒപ്പ്)
Capt.എബ്രഹാം വി കര്യാക്കോസ്
പോർട്ട് ഓഫീസർ /കൺവീനർ

True copy attested
21.6.12

K. RAVEENDRAN
Administrative Officer
Directorate of Ports, Tvpm

-7- അനുബന്ധം IV

നമ്പർ:എ6-5131/10.

തുറമുഖ ഓഫീസറുടെ കാര്യാലയം.
കോഴിക്കോട്, ബേപ്പൂർ.
Email-portofficekkd@gmail.com
Fax No. 04952414863
തീയ്യതി 16/3/2011.

പ്രേഷിതൻ

പോർട്ട് ഓഫീസർ,
കോഴിക്കോട്.

സ്വീകർത്താവ്

മാനേജിംഗ് പാർട്ണർ,
സോളസ് ആഡ് സൊല്യൂഷൻസ്,
ഡ്രീം വേൾഡ് കോംപ്ലക്സ്, റൂം നമ്പർ. 5/2975 ബി5
എരഞ്ഞിപ്പാലം ബൈപാസ് റോഡ്
കോഴിക്കോട് 4

സർ,

വിഷയം:- തുറമുഖ കാര്യാലയം, കോഴിക്കോട് - കോഴിക്കോട് തുറമുഖ പരിധിയിലെ തുറമുഖ ഭൂമി ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 26.2.11 തിയ്യതിയിലെ അപേക്ഷ.
2) തുറമുഖ ഡയറക്ടറുടെ 1.3.11 ലെ ബേപ്പൂർ തുറമുഖ ഓഫീസ് സന്ദർശന വേളയിലെ ചർച്ച
3) 24.2.11 തിയ്യതിയിലെ സെക്രട്ടറി ഡി.ടി.പി.സി യുടെ കത്ത്.

**********

സൂചനയിലെ താങ്കളുടെ അപേക്ഷയിൻമേൽ സൂചന രണ്ടിലെ ചർച്ചയുടെ തീരുമാന പ്രകാരം കോഴിക്കോട് തുറമുഖ പരിധയിലെ സൗത്ത് പിയറിന് സമീപമുള്ള ഭൂമിയിൽ 17.3.2011 മുതൽ 16.3.2012 വരെ കാലത്തേയ്ക്ക് ഇന്റർപ്രട്ടേഷൻ സെന്റർ നിർമ്മിയ്ക്കുന്നതിന് ലൈസൻസ് ഫീസടിസ്ഥാനത്തിൽ അനുമതി നൽകുന്നു. താങ്കൾ 8 യൂണിറ്റ് തുറമുഖ ഭൂമി ഉപയോഗപ്പെടുത്തിന്നതിനാൽ 400/- രൂപ വാർഷിക ഫീസായി പിന്നീട് സർക്കാർ വാർഷിക ഫീസ് പുതുക്കുന്നതിന് അനുസരിച്ച് പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുന്ന തിയ്യതി മുതൽ അടയ്ക്കേണ്ടതുമാണ്. കൂടാതെ 100/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ എഗ്രിമെന്റ് സമർപ്പിയ്ക്കേണ്ടതുമുണ്ട്. അനുവദിയ്ക്കപ്പെടുന്ന ഭൂമി തുറമുഖ വികസനത്തിനാവശ്യമായി വരുന്ന പക്ഷം താങ്കൾ ഒരു മാസ നോട്ടീസിനുള്ളിൽ മേൽ കെട്ടിടം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പൊളിച്ചു നീക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
പോർട്ട് ഓഫീസർ
കോഴിക്കോട്

പകർപ്പ്: 1) സെക്രട്ടറി, ഡി.ടി.പി.സി, കോഴിക്കോട്
2) പോർട്ട് കൺസർവേറ്റർ, കോഴിക്കോട്
3) തുറമുഖ ഡയറക്ടർ, തിരുവനന്തപുരം

photocopy attested

K. RAVEENDRAN
Administ...
Directorate of Ports, TVPM